"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്-മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി-വള്ളവും വലയും കത്തി നശിച്ചതിന് ശ്രീ.ബനഡിക്ടിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്**

സ.ഉ.(സാധാ) നം.4364/2023/RD തീയതി,തിരുവനന്തപുരം, 04-12-2023

---

പരാമർശം:-

1. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 20.06.2019, 21.11.2023 തീയതികളിലെ DCTVM/100766/2017-H5 നമ്പർ കത്തുകൾ
2. ഫിഷറീസ് ഡയറക്ടറുടെ 14.12.2021, 22.10.2022 തീയതികളിലെ DFTVM/966/2020-G3 നമ്പർ കത്തുകൾ
3. 08.02.2020-തീയതിയിലെ സ.ഉ (കൈ) നം.48/2020/റവ

**ഉത്തരവ്**

വള്ളവും വലയും കത്തി നശിച്ചതിന് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി നിയമസഭാ സമിതി മുൻപാകെ ശ്രീ. ബെനഡിക്ട് ഹർജി സമർപ്പിക്കുകയുണ്ടായി. ശ്രീ. ബെനഡിക്ടിന്റെ ഉടമസ്ഥതയിലുള്ള വള്ളവും വലയും മറ്റ് ഉപകരണങ്ങളും വള്ളത്തിൽ മൂടിയിരുന്ന ഉണക്ക ഓല അമിതമായ വെയിലിന്റെ കാഠിന്യത്തിലോ ഏതോ വിധം കത്തി നശിച്ച് അപകടം സംഭവിക്കുകയും 2,60,000/- രൂപയുടെ നഷ്ടം സംഭവിക്കുകയും ചെയ്തെന്ന് പരമാർശം (1) പ്രകാരം ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. ശ്രീ. ബെനഡിക്ടിന്റെ വാർഷിക വരുമാനം 48,000/- രൂപയാണെന്നും ടിയാൻ 15.10.2023-ൽ മരണപ്പെട്ടുവെന്നും ടിയാന്റെ അടുത്ത ബന്ധുക്കളുടെ പേരുവിവരങ്ങൾ സഹിതം പരമാർശം (2) പ്രകാരം തിരുവനന്തപുരം ജില്ലാകളക്ടർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു.

2. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീ. ബെനഡിക്ടിന്റെ ഉടമസ്ഥതയിലുള്ള വള്ളവും വലയും കത്തിനശിച്ചതിന്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) അനുവദിച്ചു ഉത്തരവാകുന്നു. ടിയാൻ മരണപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത തുക ടിയാന്റെ ഭാര്യയായ ശ്രീമതി മാർഗരറ്റിന്റെ പേരിൽ അനുവദിക്കുന്നതാണ്.

3. പ്രസ്തുത ആവശ്യത്തിലേക്കായി വേണ്ടി വരുന്ന 2,00,000/-രൂപ (രണ്ട് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാകളക്ടർക്ക്

അനുവദിക്കുന്നതാണ്. ജില്ലാ കളക്ടർ പ്രസ്തുത തുക അടിയന്തിരമായി ഗുണഭോക്താവിന് വിതരണം നടത്തി വിവരം സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ജില്ലാകളക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
മത്സ്യബന്ധനവും തുറമുഖവും (ബി) വകുപ്പ്
ദുരന്ത നിവാരണ (എ) വകുപ്പ്
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
V D Omana
Date: 05-12-2023 11:36:57
സെക്ഷൻ ഓഫീസർ